**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 537** **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിമാസം സാമൂഹ്യസുരക്ഷ പെൻഷൻ നൽകുന്നതിന് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്നും എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത്ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. പ്രതിമാസം ശരാശരി 900 കോടിയോളം രൂപ പെൻഷൻ വിതരണത്തിനായി ചെലവഴിക്കുന്നു.<br><br>സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ 2243 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 40,04,277/- രൂപയും, അവശകലാകാര പെൻഷൻ 208 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 2,08,000/- രൂപയും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ 1313 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 21,00,800/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>കായിക യുവജനകാര്യ വകുപ്പ് മുഖേന സർക്കസ് പെൻഷൻ 1154 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഒരു മാസം 13,84,600/- രൂപയും അവശ കായികതാര പെൻഷൻ 102 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 1,32,600/- രൂപയും ചെലവാകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പിന്നാക്ക വിഭാഗം വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ 311 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 4,84,600/- രൂപയും ചെലവാകുന്നു.<br><br>കൂടാതെ തനത്ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 13 ക്ഷേമനിധി ബോർഡുകൾക്കും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാകുന്നുണ്ട്. |
| (ബി) | സാമൂഹ്യസുരക്ഷ പെൻഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനസർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കാനുണ്ട്; വിശദമാക്കാമോ? | (ബി) | 2023-24 രണ്ടാം പാദം (2023 ജൂലൈ) മുതൽ 2024-25 ആദ്യ പാദം (2024 ജൂൺ) വരെയുള്ള 300 കോടി രൂപ ലഭിക്കാനുണ്ട്. ആയതിൽ 2023 ജൂലൈ മുതൽ ഡിസംബർ വരെയുള്ള 150 കോടി രൂപ സംസ്ഥാന സർക്കാർ NSAP ഗുണഭോക്താക്കൾക്ക് സംസ്ഥാന ഖജനാവിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ